# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടച്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/1005/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടച്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/1005/2022 തീയ്യതി: 23/06/2022

## കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 13-06-2022 | 17-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-06-2022 | 17-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി കെ.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ് എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അരവിന്ദാക്ഷൻ.ടി.കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.പത്മിനി.എൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.മോഹൻരാജ്.വി.പി | സെക്രട്ടറി | 01-04-2020 | 13-07-2020 |
| ശ്രീമതി.രാജശ്രീ.സി.എച്ച് | സെക്രട്ടറി | 14-07-2020 | 07-02-2021 |
| ശ്രീ.മോഹൻരാജ്.വി.പി | സെക്രട്ടറി | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. അഖിൻലാൽ.സി.എസ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. ശ്രീജ.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അബ്ദുൾസമദ്.എ.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ. സജീവൻ.എം.സി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. ആദർശ്.യു | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. രാജേഷ്.എൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 30-06-2020 |
| ഡോ.സുഷാന്ത്.സി.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-07-2020 | 29-08-2020 |
| ഡോ. രാജേഷ്.എൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 30-08-2020 | 31-03-2021 |
| ശ്രീമതി. റിജിന.ടി | വി.ഇ.ഒ | 01-04-2020 | 04-09-2020 |
| ബിജിത്ത് കുമാർ | വി.ഇ.ഒ | 05-09-2020 | 02-11-2020 |
| പ്രത്യുഷരാജ്.പി.വി | വി.ഇ.ഒ | 03-11-2020 | 31-03-2021 |
| ശ്രീമതി. രേഷ്മ.കെ.പി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. അമ്പിളി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. അനുപമ സുഗതൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 24-02-2021 |
| ശ്രീമതി.സജിത.പി | ഡയറി എക്സ്റ്റൻഷൻ | 25-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ. ജോജു.കെ.ജെ | അസി. എഞ്ചിനീയർ | 01-04-2020 | 26-10-2020 |
| ശ്രീ.മുഹമ്മദ് റോഷൻ | അസി. എഞ്ചിനീയർ | 27-10-2020 | 12-11-2020 |
| ശ്രീമതി.തേജ വിജയൻ | അസി. എഞ്ചിനീയർ | 13-11-2020 | 22-11-2020 |
| ശ്രീമതി.അശ്വിനി .എ.ആർ | അസി. എഞ്ചിനീയർ | 23-11-2020 | 31-03-2021 |
| ശ്രീമതി.ദിൽന.ഡി.എസ് | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
| --- | --- | --- |
| 1 | ബജറ്റ്<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-4-1 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-5 |
| 7 | പദ്ധതി അവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Jisha.P (Auditor, On 17-06-2022) | 1-7 |
| 9 | കെട്ടിട നിർമ്മാണം/ക്രമവത്ക്കരണം - നടപടികൾ പൂർത്തീകരിച്ചില്ല.<br>Written By: T.K.Latha (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-8 |
| 10 | തൊഴിൽ നികുതി - അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-9 |
| 11 | പി.എച്ച്.സി സബ് സെന്റർ കെട്ടിട നിർമ്മാണം -പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കാത്തതും മറ്റ് അപാകതകളും<br>Written By: Shyna A.K (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-10 |
| 12 | കരാറിൽ നിന്ന് പിൻമാറിയ കരാറുകാരന്റെ നഷ്ട ഉത്തരവാദിത്തത്തിൽ പ്രവർത്തി നടപ്പിലാക്കിയില്ല<br>Written By: Shyna A.K (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-11 |
| 13 | ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി, പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിയ്ക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-12 |
| 14 | ജലനിധി പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാതെ പദ്ധതി അവസാനിപ്പിച്ചത് സംബന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-13 |
| 15 | ചെലവഴിക്കാതെ അവശേഷിക്കുന്ന ശുചിത്വ മിഷൻ ഗ്രാന്റ് - സംബന്ധിച്ച് | 1-14 |

| | | |
|---|---|---|
| | കൃത്യമായകണക്ക് സൂക്ഷിക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | |
| 16 | സ്ഥാപിക്കാനുള്ള സ്ഥലവും ട്രെയിനറെയും കണ്ടെത്താതെ ജിം ഉപകരണങ്ങൾ വാങ്ങി സൂക്ഷിക്കുന്നു.<br>Written By: RAMDAS M. (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-15 |
| 17 | മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-16 |
| 18 | ഹരിതകർമ്മസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ സുതാര്യമല്ല.<br>Written By: RAMDAS M. (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-17 |
| 19 | കന്നുകുട്ടിപരിപാലനം-കൈമാറിയതുകയുടെ വിനിയോഗം ഉറപ്പുവരുത്തിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-18 |
| 20 | വിശപ്പ് രഹിത കേരളം -ജനകീയ ഹോട്ടലിന് വാടക നിശ്ചയിച്ചതിന് ആധികാരികതയില്ല.<br>Written By: T.K.Latha (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-19 |
| 21 | ടെക്ക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകൽ ചെലവ് രേഖയും യഥാർത്ഥ ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.<br>Written By: T.K.Latha (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പി.എച്ച്.സി സബ് സെന്റർ കെട്ടിട നിർമ്മാണം -പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കാത്തതും മറ്റ് അപാകതകളും<br>Written By: Shyna A.K (Asst. Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 3-1 |
| 2 | കരാറിൽ നിന്ന് പിൻമാറിയ കരാറുകാരന്റെ നഷ്ട ഉത്തരവാദിത്തത്തിൽ പ്രവൃത്തി നടപ്പിലാക്കിയില്ല- പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്<br>Written By: Shyna A.K (Asst. Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Jisha.P (Auditor, On 17-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Jisha.P (Auditor, On 17-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Jisha.P (Auditor, On 17-06-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jisha.P (Auditor, On 17-06-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 23-06-2022) | |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha.P (Auditor, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha.P (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

എടച്ചേരി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 24.3.20 തിയ്യതിയിലെ 74/2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2020-21 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് 15.02.2021ലെ ഭരണസമിതി തീരുമാന നമ്പർ 1/21 പ്രകാരവും അംഗീകരിച്ചു.

അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 20613577 |
| വരവ് | 221732947 |
| ആകെ | 242346524 |
| ചെലവ് | 224494421 |
| നീക്കിയിരിപ്പ് | 17852103 |

ബജറ്റ് പ്രൊവിഷൻ അധികരിച്ച ചെലവ് ചെയ്തത് പോലെ വളരെ കുറഞ്ഞ വരവ് /ചെലവുകളും വന്നിട്ടുണ്ട്. കൃത്യതയില്ലായ്മയുടെ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 140 | 774000 | 558600 | 579902 |
| 2 | 210 | 13585000 | 13243000 | 11576159 |
| 3 | 230 | 2485000 | 2585000 | 1711333 |
| 4 | 250 | 9450000 | 7668190 | 5242547 |
| 5 | 251 | 140623500 | 56706554 | 61167053 |
| 6 | 252 | 3108000 | 10950800 | 2595516 |
| 7 | 253 | 1397200 | 375332 | 1510070 |

## ബജറ്റ് രേഖകൾ തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്,

പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്ന് കാണാം. തുടർ വർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് നല്കേണ്ടതുമാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ബാലൻസ് ഷീറ്റ് B 18 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം Temporary Advance For Official Purposes ഇനത്തിൽ 6124/-രൂപ ക്രമീകരിച്ചതായി കാണുന്നില്ല.

2. 2020-21 വർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത ടി.എ യുടെ വേതനം പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 341214 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രികയിൽ 311380 രൂപ മാത്രമെ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളൂ. ജൂലൈ മാസത്തെ വേതനം 29834 രൂപ ഉൾപ്പെടുത്തിയിട്ടില്ല.

3. റീകൺസീലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല,

4. 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല (ഉദാ: Contractors Emd, Suppliers Security Deposit, Suppliers Emd, Deposits From Auditorium & Halls).

5. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വാർഷികകണക്ക് ബി-4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ക്യാപിറ്റൽ) ഇനത്തിൽ 748316 രൂപ നീക്കിയിരിപ്പുണ്ടെങ്കിലും തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള ഈ തുക സംബന്ധിച്ച വിവരങ്ങൾ എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ) ഇനത്തിൽ 2,00,00 രൂപയും ജില്ലാ പഞ്ചായത്ത് (റവന്യൂ) ഇനത്തിൽ 34700 രൂപ നീക്കിയിരിപ്പാണുള്ളത്.

6. വാർഷികകണക്ക് ബി-4 ഷെഡ്യൂൾ പ്രകാരം 320100121 ഹെഡിൽ 172862 രൂപയാണുള്ളത്. എന്നാൽ ഈ ഇനത്തിൽ എ.സി.ആർ പ്രകാരം 450823 രൂപ നീക്കിയിരിപ്പുണ്ട്.

7. തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള വിവിധ ഗ്രാന്റ് തുകകൾ പരിശോധിക്കുന്നതിന് ഫണ്ടിനം തിരിച്ച് എ.സി.ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാർഷികകണക്ക് ബി-4 ഷെഡ്യൂൾ പ്രകാരം ശുചിത്വമിഷൻ ഗ്രാന്റ് ഇനത്തിൽ 26,47,019 രൂപ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

8. KURDFC ലോൺ ഇനത്തിൽ തിരിച്ചടയ്ക്കാനുള്ള തുക ,തിരിച്ചടച്ച തുക, ബാലൻസ് എന്നിവ രേഖപ്പെടുത്തി ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23459487 |
| വരവ് | 57371884 |
| ആകെ | 80831371 |

| | |
|---|---|
| ചെലവ് | 63915469 |
| നീക്കിയിരിപ്പ് | 16915902 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 10474890 | 10474890 | 10474890 | 0 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 1442851 | 1442851 | 1274745 | 168106 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7112000 | 7112000 | 7112000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3696232 | 3696232 | 3309515 | 386717 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied)(ACR പ്രകാരം) | 0 | 9121853 | 9121853 | 7737857 | 1383996 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 4990000 | 4990000 | 112500 | 4877500 |
| സാക്ഷരത | 88785 | 2830 | 91615 | 0 | 91615 |
| എം.പി ഫണ്ട് | 54531 | 2124 | 56655 | 19930 | 36725 |
| ഐ.സി.ഡി.എസ് | 367351 | 1196889 | 1564240 | 1113417 | 450823 |
| ജലനിധി | 1210654 | 38584 | 1249238 | 0 | 1249238 |
| ശുചിത്വമിഷൻ ഗ്രാന്റ് | 609256 | 2207763 | 2817019 | 170000 | 2647019 |

### 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 3817890 | 5082890 |
| | സേവനം | 9766259 | 46425167 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 1553255 | 6026383 |
| സംരക്ഷണഗ്രാന്റ് റോഡിതരം | ഉത്പാദനം | 200000 | 400000 |
| | സേവനം | 3914182 | 5054192 |
| സംരക്ഷണഗ്രാന്റ് റോഡ് | പശ്ചാത്തലം | 10382000 | 12192000 |

മേൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 9200100 | 642 |
| വിധവാപെൻഷൻ | 15575400 | 1050 |
| വാർദ്ധക്യകാലപെൻഷൻ | 25891900 | 2515 |
| വികലാംഗപെൻഷൻ | 5382700 | 363 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 608900 | 42 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 65529387 | 106 | 42455718 | ---- | 31 | 64.78% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 9 | 8 | 2845450 | 2808750 | 98.71% |
| വെറ്ററിനറി സർജൻ | 4 | 4 | 1800000 | 1291002 | 71.72% |
| മെഡിക്കൽ ഓഫീസർ) (പി.എച്ച്.സി) | 9 | 8 | 2175010 | 1891558 | 86.96% |
| മെഡിക്കൽ ഓഫീസർ) (ഹോമിയോ) | 1 | 1 | 200000 | 200000 | 100% |
| മെഡിക്കൽ ഓഫീസർ) (ആയുർവ്വേദം) | 2 | 2 | 852404 | 852404 | 100% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 73 | 50 | 33453155 | 21006769 | 62.79% |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 4 | 3 | 3583460 | 254885 | 7.11% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 6040604 | 5862765 | 97.05% |
| സെക്രട്ടറി | 20 | 17 | 6343304 | 3727038 | 58.75% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1120000 | 1019600 | 91.03% |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 3 | 3 | 924218 | 500000 | 54.09% |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 552000 | 106948 | 19.37% |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 5 | 3 | 5639782 | 2933999 | 52.02% |
| | 137 | 106 | 65529387 | 42455718 | 64.78% |

ഡി.പി.സി. അഗീകാരം ലഭിച്ച 137 പ്രൊജക്ടുകളി ൽ 106 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട് . ആകെ പദ്ധതി അടങ്കലായി 65529387/-രൂപ വകയിരുത്തിയതിൽ 42455718/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 59,23,058/-രൂപ തനതു ഫണ്ടിൽ നിന്നമാണ് ചെലവഴിച്ചിട്ടുള്ളത്.

ഡി.പി.സി.അംഗീകാരം ലഭിച്ച 73 മരാമത്ത് പ്രൊജക്ടുകളിൽ 50 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 33453155/-രൂപ വകയിരുത്തിയതിൽ 21006769/-രൂപയാണ് 2020-21 വർഷത്തിൽ ചെലവഴിച്ചത്. അതായത് ശതമാനം തുക 62.79% മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. വിവിധ സർക്കാർ ഗ്രാന്റുകളുടെ ചെലവ് വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക/ നഷ്ടപ്പെട്ട തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) (ACR പ്രകാരം) | 0 | 10474890 | 10474890 | 10474890 | 0 |
| വികസന ഫണ്ട്-.എസ്.സി.പി (ACR പ്രകാരം) | 0 | 1442851 | 1442851 | 1274745 | 168106 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7112000 | 7112000 | 7112000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3696232 | 3696232 | 3309515 | 386717 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9121853 | 9121853 | 7737857 | 1383996 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 4990000 | 4990000 | 112500 | 4877500 |

| | | | | | |
|---|---|---|---|---|---|
| | | 36837826 | 36837826 | 30021507 | 6816319 |

തൻവർഷം പദ്ധതി ചെലവുകൾക്കായി ലഭിച്ച തുകയിൽ 68,16,319/- രൂപ സമയബന്ധിതമായ പദ്ധതി ആസൂത്രണത്തിന്റെയും, മോണിറ്ററിംഗിന്റെയും അഭാവത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. പദ്ധതി സമയബന്ധിതമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.6.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2495/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

1-8 കെട്ടിട നിർമ്മാണം/ക്രമവത്ക്കരണം - നടപടികൾ പൂർത്തീകരിച്ചില്ല.

ഫയൽ നമ്പർ - എ2/2417/20 Lതീയതി 07/07/2020

ശ്രീ.മുഹമ്മദ്റാഫി&യൂസഫ്,സൽമാൻ പാലസ്, മുട്ടുങ്ങൽ, രയരങ്ങോത്ത് എന്ന വ്യക്തികൾ എടച്ചേരി വില്ലേജിലെ റിസർവ്വേ നമ്പർ 216/6-7ൽ ഉൾപ്പെട്ട 0.90 ആർ സ്ഥലത്ത് നിലവിലുള്ള 128.07 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ നിർമ്മാണാനുമതിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ എൽ.എസ്.ജി.ഡി ഓവർസീയർ സ്ഥലപരിശോധന നടത്തി നൽകിയ റിപ്പോർട്ട് പ്രകാരം അപേക്ഷകർ സമർപ്പിച്ച അപേക്ഷയും, പ്ലാനുകളും കെ.പി.ബി.ആർ 2019 ന് വിധേയമായിട്ടാണെന്നും, കെട്ടിടനിർമ്മാണാനുമതി നൽകാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് ഫീസീടാക്കി സെക്രട്ടറി എ2/2417/20 തീയതി 07/09/2020 പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

മേൽ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് 08/12/2021 ലെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിട നമ്പറിനും, ഓണർഷിപ്പ് എന്നിവ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിഗണിച്ച് എൽ.എസ്.ജി.ഡി ഓവർസീയർ സ്ഥലപരിശോധന നടത്തി നൽകിയ റിപ്പോർട്ടിൽ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ഫയൽ നിരസിക്കാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് എ2/2417/22 തീയതി 24/02/2022 നമ്പർ പ്രകാരം ന്യൂനതകൾ പരിഹരിച്ച് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും,അല്ലാത്തപക്ഷം ഇനിയൊരറിയിപ്പ് കൂടാതെ അപേക്ഷ നിരസിക്കുന്നതായിക്കും എന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ പൂർത്തീകരണം വിവരമോ, തുടർനടപടികളുടെ വിവരമോ ലഭ്യമല്ല.

മേൽ ഫയൽ പ്രകാരമുള്ള കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി വിവരവും, മറുപടിയും ലഭ്യമാക്കേണ്ടതുമാണ്.

ഫയൽ നമ്പർ - എ2/3606/20 തീയതി 03/11/2020

ശ്രീമതി. ചപ്പാരപ്പൊയിൽ, കായപ്പനച്ചി എന്ന വ്യക്തി എടച്ചേരി വില്ലേജിലെ റിസർവ്വേ നമ്പർ 20/18 ൽ ഉൾപ്പെട്ട 2.40 ആർ സ്ഥലത്ത് നിലവിൽ പൂർത്തീകരിച്ച 11.52 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ ക്രമവത്ക്കരണത്തിനാണ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ എൽ.എസ്.ജി.ഡി ഓവർസീയർ സ്ഥലപരിശോധന നടത്തി പ്രസ്തുത പ്ലോട്ടിലെ കെട്ടിടവുമായി

ഉണ്ടായിരിക്കേണ്ട അകലം ഇല്ല എന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത അപാകത ചൂണ്ടികാണിച്ച് സെക്രട്ടറിയുടെ 29/12/2020ലെ എ2/3606/20 നമ്പർ അറിയിപ്പ് നൽകിയിട്ടുള്ളതായി കാണുന്നു. കൂടാതെ 01/02/2022 ലെ എ2/3606/20 പ്രകാരം വീണ്ടും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11/01/2022 ലെ 63/21-22 തീരുമാന പ്രകാരം നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും അപാകത പരിഹരിക്കാതെ ശേഷിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ അപേക്ഷ നിരസിക്കുന്നുവെന്ന് അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുണ്ട്.

എന്നാൽ നിലവിൽ പൂർത്തീകരിച്ച 11.52 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം പെർമിറ്റ് എടുക്കാതെ അനധികൃതമായി നിർമ്മിച്ച് ക്രമവത്ക്കരണത്തിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ അനധികൃതകെട്ടിടമായിട്ടും അനധികൃത നിർമ്മാണത്തിനെതിരേ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് 235 എ എ പ്രകാരം ലെ ഉപചട്ടം 1 പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരിട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ തുടർ നടപടികൾ സ്വീകരിക്കാത്തതിനാലും, അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കാത്തതിനാലും നികുതി നഷ്ടം ഉണ്ടായതായി വിലയിരുത്തുന്നു.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ്എൻക്വയറി (08/202021 /16.06.2022 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥലപരിശോധന നടത്തി മേൽ കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥയും, കൂടാതെ റെഗുലറൈസ് ചെയ്യുന്ന നാളുവരെ അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്. കൂടാതെ അനധികൃത നിർമ്മാണത്തിനെതിരെയുള്ള നിയമപരമായ നടപടികളും സ്വീകരിക്കരിച്ചതിന്റെ വിവരങ്ങളും തുടർനടപടികളും മേൽ അപാകതകൾക്കുള്ള വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

### 1-9 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ, അർദ്ധ വാർഷിക റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച ചുവടെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നുള്ള ജീവനക്കാരുടെ, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തൊഴിൽനികുതി അടവാക്കാത്ത ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം. | പേര് | ഉദ്യോഗപേര് | ഓഫീസിന്റെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രമ്യ പ്രേമൻ | യു.പി.എസ്.എ | ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂൾ | Not Approved രേഖപ്പെടുത്തിയിരിക്കുന്നു ഒന്നാം അർദ്ധവർഷം |

| | | | | |
|---|---|---|---|---|
| 2 | ദിൽന പി.വി | യു.പി.എസ്.എ | ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂൾ | Not Approved രേഖപ്പെടുത്തിയിരിക്കുന്നു |
| 3 | ബിനിഷ രാജ് | യു.പി.എസ്.എ | ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂൾ | Not Approved രേഖപ്പെടുത്തിയിരിക്കുന്നു |
| 4 | ഷാനിബ.കെ.വി | യു.പി.എസ്.എ | ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂൾ | Not Approved രേഖപ്പെടുത്തിയിരിക്കുന്നു |
| 5 | നീതു ഇ.സി | യു.പി.എസ്.എ | ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂൾ | Not Approved രേഖപ്പെടുത്തിയിരിക്കുന്നു |
| 6 | ആയിഷ ടി | യു.പി.എസ്.എ | ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂൾ | Not Approved രേഖപ്പെടുത്തിയിരിക്കുന്നു |
| 7 | അശ്വതി വി | യു.പി.എസ്.എ | ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂൾ | Not Approved രേഖപ്പെടുത്തിയിരിക്കുന്നു |

മേൽ ജീവനക്കാർ ശമ്പളം/വേതനം ഇനത്തിൽ തുക കൈപ്പറ്റുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

4. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ കരാർ ഏറ്റെടുത്ത താഴെ കാണിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് | ഏറ്റെടുത്ത പ്രവർത്തിയുടെ എണ്ണം |
|---|---|---|
| 1 | എം പി പ്രേമൻ | 5 |
| 2 | വിവേക് വി പി | 1 |
| 3 | പ്രഷോഭൻ | 2 |
| 4 | കെ പി രവീന്ദ്രൻ | 6 |
| 5 | രാജീവൻ പി.ടി.കെ | 17 |
| 6 | സുജനപാൽ വി.കെ | 3 |
| 7 | വി.എൽ.സി.സി.എസ് | 9 |
| 8 | യു.എൽ.സി.സി.എസ് | 5 |
| 9 | കുമാരൻ കെ | 3 |
| 10 | പവിത്രൻ | 6 |
| 11 | ഐ.എൽ.സി.സി.എസ് | 2 |
| 12 | ഒ.എൽ.സി.സി.എസ് | 4 |
| 13 | രാഗിൻ രാമചന്ദ്രൻ | 1 |
| 14 | ഹരികൃഷണ്ൻ | 1 |

| | | |
|---|---|---|
| 15 | വിപിൻകുമാർ | 2 |
| 16 | ഡിവിൻ ലാൽ | 1 |
| 17 | സജീഷ് കെ കെ | 1 |

മേൽ ജീവനക്കാരിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ അപാകതകൾക്ക് വിശദീകരണവും തുടർ വർഷങ്ങളിൽ കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിന് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/202021/15.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി അടവാക്കാനുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്നും, കൂടാതെ തനത് വരുമാന ചോർച്ചയില്ലെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും, സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതാണ്.

1-10 പി.എച്ച്.സി സബ് സെന്റർ കെട്ടിട നിർമ്മാണം -പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കാത്തതും മറ്റ് അപാകതകളും

പദ്ധതി -131/21 (സ്പിൽ ഓവർ)

ചെലവ് -993197 തനത് ഫണ്ട്

ബിൽ നമ്പർ തിയ്യതി -4238024 / 27.3.21

കരാറുകാരൻ -ശ്രീ. രാജീവൻ. പി.ടി.കെ

കരാർ - 41/17-18/28.3.18

പി.എച്ച് .സി യ്ക്ക് സബ് സെന്റർ നിർമ്മിക്കുന്നതിനായി 2017-18 ൽ ആരംഭിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ.

1. സമയ ബന്ധിതമായി പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ പ്രവൃത്തികളിൽ അധിക നിരക്കിൽ കോസ്റ്റ് ഇൻഡക്സ് അനുവദിക്കേണ്ടി വന്നു

കരാർ പ്രകാരം പൂർത്തിയാക്കേണ്ട സമയത്ത് പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ 2020-21 വർഷത്തിൽ അനുവദിക്കേണ്ടിയിരുന്നതിലും കൂടുതൽ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കിയുള്ള എസ്റ്റിമേറ്റിൽ ആണ് ഈ പ്രവൃത്തി നിർവ്വഹണം നടത്തിയത്. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്. പി.ഡബ്ള്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ നാദാപുരത്തിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 39.22 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ തയ്യാറാക്കിയ ഈ പദ്ധതി യിൽ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്. മാത്രമല്ല പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കാതെ 2020-21 വർഷത്തിലാണ് നടപ്പിലാക്കിയത്. 20-21 വർഷത്തിൽ പദ്ധതി നടപ്പിലാക്കുമ്പോൾ സമയബന്ധിതമായി പ്രവർത്തി പൂർത്തിയാക്കാത്ത കരാറുകാരനെ ഒഴിവാക്കി ടിയാന്റെ നഷ്ട ഉത്തരവാദിത്തത്തിൽ റിടെണ്ടർ ചെയ്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നെങ്കിൽ പി.ഡബ്ള്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 08.3.2019 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 15.3.2019 മുതൽ നാദാപുരത്തിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 33.02 ശതമാനം മാത്രം കരാറുകാരന് അനുവദിച്ചാൽ മതിയാകുമായിരുന്നു. കോസ്റ്റ് ഇൻഡക്സ് 33.02 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയി ക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ ഈ പ്രവർത്തിയിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ്

ചെയ്യാതിരുന്നത് മൂലം പഞ്ചായത്തിന് അധികച്ചെലവ് നേരിടേണ്ടി വന്നു.

2. കരാർ പ്രകാരം പ്രവർത്തികൾ സമയബന്ധതമായി നടപ്പിലാക്കാത്തതിന് ക രാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

കരാറുകാരൻ പ്രവൃത്തി തുടങ്ങുന്നത് തന്നെ കരാർ കാലാവധി കഴിഞ്ഞതിന് ശേഷമാണ്. 6 മാസം കൊണ്ട് പൂർത്തിയാക്കേണ്ടിയിരുന്ന പ്രവർത്തി പൂർത്തിയാക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഇല്ലെങ്കിലും പ്രവർത്തി തുടങ്ങുന്നതിന് കാല താമസം വരുത്തിയിട്ടുണ്ട്. 27.9.18 ന് പൂർത്തിയാകേണ്ടിയിരുന്ന പ്രവൃത്തി തുടങ്ങുന്നത് തന്നെ 26.2.20 ന് ആണ്. പ്രവൃത്തി പൂർത്തിയാക്കുന്നത് രണ്ടര വർഷത്തിന് ശേഷമാണ്. കരാർ പ്രകാരം പ്രവർത്തി നടത്താതിരുന്ന കരാറുകാരനിൽ നിന്ന് പിഴ ഈടാക്കാതെ മുഴുവൻ തുകയും കരറുകാരന് നൽകുകയാണ് ചെയ്തത്. പി. എ. സി തുക 1000000 രൂപയുടെ ( 3%) 30000രൂപപിഴ ഈടാക്കാതെ യാണ് ബിൽ തുക അനുവദിച്ചത്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ. പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ചു നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. പക്ഷേ ഇക്കാര്യത്തിന് എ. ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ പ്രവർത്തിയുടെ ദീർഘീകരണം 50% ലും കൂടുതലാണ്. വളരെയധികം കാലം കഴിഞ്ഞാണ് പ്രവർത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുമ്പോൾ കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാർക്കെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയ നടപടി ക്രമപ്രകാരമല്ല. പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3). ഈ പ്രവൃത്തി ടെണ്ടർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ഈ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം,ബുക്ക് 107/21 ൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ എം. ബുക്ക് 109/21 ലേക്ക് ക്യാരി ഓവർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ എം. ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 20-21 വർഷത്തിൽ ചെലവ് ചെയ്ത ബിൽ രേഖപ്പെടുത്തിയിട്ടുള്ള എം.ബുക്ക് 118/21 ൽ അളവുകൾ എം,ബുക്ക് 107/21 ൽ നിന്ന് എടുത്തതാണെന്നാണ് രേഖപ്പെടുത്തിയത്. ഈ ബിൽ പാർട്ട് ബിൽ ആണോ ഫൈനൽ ബിൽ ആണോ എന്ന് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ഈ പദ്ധതിയിൽ 993197 രൂപയും 146/21 നമ്പർ പ്രകാരമുള്ള പദ്ധതിയിൽ 813767 രൂപയും 67/22 നമ്പർ പ്രകാരമുള്ള പദ്ധതിയിൽ 49000 രൂപയും ചെലവഴിച്ച് മീശമുക്ക് എന്ന സ്ഥലത്ത് പി.എച്ച്.സി. സബ്സെന്റർ നിർമ്മാണം പൂർത്തിയാക്കിയാക്കിയിട്ടുണ്ടെങ്കിലും സബ്സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വൈദ്യുതി ലഭ്യമായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/2020-21 തീയതി. 16.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 30000 രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം രേഖകൾ സഹിതം ഹാജരാക്കുന്നത് വരെ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

1-11 കരാറിൽ നിന്ന് പിൻമാറിയ കരാറുകാരന്റെ നഷ്ട ഉത്തരവാദിത്തത്തിൽ പ്രവർത്തി നടപ്പിലാക്കിയില്ല

പദ്ധതി -146/21 കുടുംബാരോഗ്യ കേന്ദ്രം കോൺഫറൻസ് ഹാൾ സീലിങ്ങ്

ചെലവ് -99044 റോഡിതര മെയിന്റനൻസ് ഗ്രാന്റ്

ബിൽ നമ്പർ .തിയ്യതി -870500/ 8.12.20

കുടുംബാരോഗ്യ കേന്ദ്രം കോൺഫറൻസ് ഹാൾ സീലിങ്ങ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 19.10.19 നടന്ന ടെണ്ടറിൽ രണ്ട് കരാറുകാരാണ് പങ്കെടുത്തത് . ശ്രീ . സത്യാനന്ദൻ എസ്റ്റിമേറ്റ് നിരക്കിൽ 5% കുറവിലും ശ്രീ. രാജീവൻ, പി.ടി.കെ എസ്റ്റിമേറ്റ് നിരക്കിലും പ്രവൃത്തി ചെയ്യാമെന്നാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 5% കുറവ് ക്വോട്ട് ചെയ്ത കരാറുകാരൻ ആരോഗ്യപരമായ കാരണങ്ങളാൽ പ്രവർത്തി ഏറ്റെടുക്കാൻ കഴിയില്ല എന്ന് അറിയിച്ചതിനെ തുടർന്ന് 6.1.20 ലെ 3/3/2020(2) നമ്പർ തീരുമാന പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവർത്തി നൽകുന്നതിനും ശ്രീ. സത്യാനന്ദൻ സമർപ്പിച്ചിട്ടുള്ള ഇ.എം.ഡി തിരികെ നൽകേണ്ടതില്ല എന്നും തീരുമാനിച്ചിരുന്നു. എന്നാൽ പ്രവൃത്തി

നടപ്പിലാക്കിയപ്പോൾ ശ്രീ. സത്യാനന്ദൻ സമർപ്പിച്ച ഇ.എം.ഡി കണ്ടു കെട്ടിയിട്ടില്ല. ടെണ്ടർ കരാറിൽ നിന്ന് പിൻമാറിയ കരാറുകാരന്റെ നഷ്ട ഉത്തരവാദിത്തത്തിൽ പ്രവർത്തി നടപ്പിലാക്കാത്തതിനാൽ താഴെ കാണിച്ച പ്രകാരം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| അനുവദിച്ച തുക | അനുവദിക്കേണ്ടതുക | നഷ്ടം |
|---|---|---|
| ആകെ പ്രവർത്തി മൂല്യം-88432 (എം-ബുക്ക്126/21)<br>12% GST- 10612<br>ആകെ -99044<br>WWF - 991<br>IT - 991<br>കരാറുകാരന് - 97062 | ആകെ പ്രവർത്തി മൂല്യം- 88432-<br>ടെണ്ടർ കുറവ് 5% - 4422<br>84010<br>12% GST - 10081<br>ആകെ - 94091<br>WWF - 940<br>IT - 940<br>കരാറുകാരന് - 92211 | 4953<br>(99044-94091) |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 11/2020-21 തീയതി. 16.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 4953രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-12 ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി, പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിയ്ക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല

പഞ്ചായത്ത് 20-21 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള ചില പൊതുമരാമത്ത് പ്രവർത്തികൾ പഞ്ചായത്തിന്റെ ആസ്തി റജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ ആണ് നടത്തിയിട്ടുള്ളത്. തദ്ദേശ സ്ഥാപനത്തിന്റെ കീഴിലും നിയന്ത്രണത്തിലുമുള്ള സ്ഥലങ്ങളിലാണ് നിർമ്മാണ പ്രവർത്തികൾ നടത്തേണ്ടത്. അപ്രകാരമല്ലാതെ നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | ചെലവ് തുക |
|---|---|
| 1)144/20-21 വാർഡ് 8ൽ കുട്ടികളുടെ ലൈബ്രറിനിർമ്മാണം | 313298 |
| 2) 35/20-21, ജ്വാല വായന ശാല നെല്ലോളിമുക്ക് റോഡ് | 399850 |
| 3) 110/20-21, നരിക്കുന്ന് അങ്കണവാടി അയടത്തിൽ മുക്ക് റോഡ് | 900000 |
| 4) 135/20-21, ചുണ്ടൻ പുനത്തിൽ വള്ളി കാഞ്ഞാൽ റോഡ് | 778435 |
| 5) 40/20-21 ആനന്ദ അങ്കണവാടി റോഡ് മെയിന്റനൻസ് | 179578 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ തൻ വർഷം വിവിധ മരാമത്ത് പ്രവർത്തികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ള തുക ആസ്തി മൂല്യമായി ആസ്തി രജിസ്റ്ററിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ ആസ്തികളുടെയും ചേർക്കപ്പെടുന്ന മൂല്യങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-13 ജലനിധി പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാതെ പദ്ധതി അവസാനിപ്പിച്ചത് സംബന്ധിച്ച്

എടച്ചേരി ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2013 മുതൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി ഗ്രാമ പഞ്ചായത്ത് ജലനിധി പദ്ധതിയുടെ മലപ്പുറത്തുള്ള റീജീയണൽ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റുമായി 7.5.2013 ൽ RPMU/MPM/Ag No.22/2013 നമ്പർ പ്രാകാരം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 3.7.2013 ൽ പദ്ധതിയുടെ ഗുണഭോക്തൃ സഹായ സംഘടനയായ M/s SNEHA എടച്ചേരി എന്ന സ്ഥാപനവുമായും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വലിയ തുക മുടക്കി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതി കൾ ലക്ഷ്യം കൈവരിച്ചിട്ടില്ല. വിശദാംശങ്ങൾ

1) ജല നിധി പദ്ധതിയുടെ ഭാഗമായുള്ള എം.എ ഹൗസ് കുടിവെള്ള പദ്ധതിയ്ക്കായി നിർമ്മിച്ച കിണർ ഉദ്ഘാടന ദിവസം തന്നെ താഴ്ന്ന പോയതിനാൽ പദ്ധതി നാളിതുവരെ പ്രവർത്തനം ആരംഭിച്ച് ഗുണഭോക്താക്കൾക്ക് ഉപകാര പ്രദമാക്കിയിട്ടില്ല.

2) ജല നിധി പദ്ധതിയുടെ ഭാഗമായുള്ള കോമുള്ളി മുല്ലപ്പള്ളി പദ്ധതിയിൽ കിണറ്റിലെ വെള്ളം ശുദ്ധമല്ലാത്തതിനാൽ പദ്ധതി പൂർത്തിയാക്കി ജല വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3) ജല നിധി പദ്ധതിയുടെ ഭാഗമായുള്ള വണ്ണാത്തി ക്കണ്ടി ശുദ്ധജല വിതരണ പദ്ധതിയും ജനങ്ങൾക്ക് ഉപയോഗപ്രദമായിട്ടില്ല.

മേൽ പദ്ധതികൾ ജനങ്ങൾക്ക് ഉപകാരപ്രദമാകാത്ത സാഹചര്യം ചൂണ്ടിക്കാട്ടി ഗ്രാമപഞ്ചായത്ത് പല തവണ മലപ്പുറത്തുള്ള റീജിയണൽ പ്രൊജക്ട് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. 6.7.20 ന ചേർന്ന ഭരണ സമിതി ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾ നാളിതു വരെ പ്രവർത്തന ക്ഷമമായിട്ടില്ല. 23.4.22ന് KRWSA (Kerala Water Supply And Sanitation Agency) യുടെ മലപ്പുറം പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് ജല നിധി പദ്ധതികളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികളും പൂർത്തിയായതിനാൽ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തയ്യാറല്ലാഞ്ഞിട്ടും 23.4.22 ന് KRWSA MLPM/3307/2017JPC-2 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ സ്വമേധയാ അവസാനിപ്പിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് വ്യക്തതയില്ല.

1. കരാർ പ്രകാരം പദ്ധതി പൂർത്തിയാക്കാത്തതിന് സ്ഥാപനത്തിന് എതിരെസ്വീകരിച്ച നടപടികൾ എന്തെല്ലാം.

2. മേൽ പദ്ധതികൾ പ്രവർത്തന ക്ഷമമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ.
3. ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുള്ള ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ.

വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/2020-21 തീയതി. 16.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-14 ചെലവഴിക്കാതെ അവശേഷിക്കുന്ന ശുചിത്വ മിഷൻ ഗ്രാന്റ് - സംബന്ധിച്ച് കൃത്യമായകണക്ക് സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം ശുചിത്വ മിഷനിൽ നിന്ന് മുൻവർഷങ്ങളിലും 20-21 വർഷത്തിലും ലഭ്യമായ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാലൻഷീറ്റ് ഷെഡ്യൂൾഡ് B4 പ്രകാരം 26,47,019 രൂപയുണ്ട്. ഈ തുക പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാതെ തനത് ഫണ്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിക്കുന്ന തുകകൾ തനത് ഫണ്ടിൽ സൂക്ഷിക്കുന്ന സാഹചര്യത്തിൽ പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. 01.04.20ന് അക്കൗണ്ടിൽ അവശേഷിക്കുന്ന 6,09,256 രൂപ എന്ത് ആവശ്യത്തിന് ഏത് വർഷം ലഭിച്ച തുകയാണെന്നതിന് കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 സ്ഥാപിക്കാനുള്ള സ്ഥലവും ട്രെയിനറെയും കണ്ടെത്താതെ ജിം ഉപകരണങ്ങൾ വാങ്ങി സൂക്ഷിക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നം. | കുടുംബാരോഗ്യകേന്ദ്രത്തിൽ വ്യായാമ ഉപകരണങ്ങൾ വാങ്ങൽ 125/21 |
| വകയിരുത്തിയതുക | 340010/-(MG_NR) |
| ചെലവുതുക, നം. ,ബിൽ നം.തിയ്യതി | 8121/11.4.20---154500/-<br>8120/11.4.20---185000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

പൊതുജനങ്ങൾക്ക് വ്യായാമ സൌകര്യങ്ങൾ ഒരുക്കുന്നതിനായി 2019-20ൽ ആരംഭിച്ച പ്രോജക്ടിന്റെ (140/20) സ്പിൽ ഓവർ പ്രോജക്ടായി തൻവർഷം നടപ്പാക്കിയ പദ്ധതി പ്രകാരം താഴെ കൊടുത്ത ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| സ്ഥാപനം/ഇൻവോയ്സ് നമ്പർ | ഉപകരണം | എണ്ണം | തുക |
|---|---|---|---|
| Metro Sports &General Suppliers-MSGST/19-20/1933/3.3.20 | Motorized Treadmill T-755 Viva Fitness | 2 | 154500/- |
| HHW Care Product India Pvt.Ltd. 19-20/2734/17.3.20 | Elliptical Cross Trainer-s-5600 | 1 | 50,000/- |
| HHW Care Product India Pvt.Ltd.19-20/2734/17.3.20 | Multi Station Gym-HHWA1029 | 1 | 135000/- |

| | | | |
|---|---|---|---|
| | Total | | 339500/- |

2019-20ൽ ചെലവായ 59990/-രൂപ ഉൾപ്പെടെ ആകെ 399500/-പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതിനടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്താതെയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.
2. ഓഡിറ്റ് ടീം 15.6.22ന് നടത്തിയ സ്ഥലപരിശോധനയിൽ വാങ്ങിയ ജിം ഉപകരണങ്ങൾ ഇതുവരെയും ഉപയോഗപ്പെടുത്താതെ കുടുംബാരോഗ്യകേന്ദ്രത്തിന്റെ മീറ്റിംഗ് ഹാളിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.
3. സാധനങ്ങളുടെ വാറണ്ടി സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4. ഭരണസമിതിയുടെ 6.1.20 ലെ അജണ്ട (4) തീരുമാനം 4/20(1)3 പ്രകാരം കുടുംബാരോഗ്യകേന്ദ്രത്തിൽ ഫിസിയോ തെറാപ്പി സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് 60/20 പ്രസ്തുത സ്ഥാപനത്തിൽ വ്യായാമഉപകരണങ്ങൾ വാങ്ങുന്നതിന് പുതിയ പ്രോജക്ട് രൂപീകരിക്കുന്നതിനാൽ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഫിസിയോ തെറാപ്പി സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിനു പകരം ജിം ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിച്ചതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതാണ്.
5. ജിം ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ട്രെയിനറുടെ നിയമനം സംബന്ധിച്ച് തീരുമാനമെടുത്തതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/16.06.2022) ലഭ്യമാക്കിയിട്ടില്ല. ആരോഗ്യകേന്ദ്രത്തിൽ ഓഡിറ്റ് ടീം നടത്തിയ സന്ദർശനവേളയിൽ, നിലവിൽ ഒ.പി.നടക്കുന്ന ആശുപത്രിയുടെ മുൻഭാഗത്ത് ഷീറ്റിട്ട സ്ഥലത്താണ് ജിം പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിന് ആശുപത്രിയുടെ പിൻഭാഗത്ത് പുതുതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് ഒ.പി.മാറ്റേണ്ടതുണ്ടെന്നും ഹെൽത്ത് ഇൻസ്പെകർ അറിയിക്കുകയുണ്ടായി. എന്നാൽ പുതിയ കെട്ടിടം ഉപയോഗപ്പെടുത്തണമെങ്കിൽ ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ രീതിയിൽ ഇനിയും പ്രവർത്തികൾ നടത്തേണ്ടതുണ്ടെന്നും അറിയിച്ചു. അതിൽനിന്നും ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ കാര്യത്തിൽ ഇപ്പോഴും വ്യക്തത വരുത്തി തീരുമാനമെടുത്തിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി ആസൂത്രണത്തിലെയും നടപ്പാക്കുന്നതിലെയും കാര്യക്ഷമതക്കുറവിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ച് ഉപയോഗപ്പെടുത്തി വിവരം അറിയിക്കുന്നതു വരെ ചെലവുതുക 339500/-രൂപ തടസ്സത്തിൽവെക്കുന്നു.

1-16 മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം 79/21 -കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ

ബിൽ നം 7183/16.03.21 തുക- 99948/-(പൊതു.വികസനഫണ്ട്)

എടച്ചേരി എഫ്.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ' കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ ' എന്ന പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പി.ആർ.എഫ്-5687/23.02.21 എന്ന പ്രൊഫോർമ ഇൻവോയ്സ് അനുസരിച്ച് 99948/- രൂപ മരുന്ന് വാങ്ങുന്നതിനായി 16.3.21 ന് അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 87310/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി 12638/-രൂപയുടെ മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ല. സർവ്വീസ് കോർപ്പറേഷനുമായി എഗ്രിമെന്റ് വെച്ചതായി കാണുന്നില്ല. പദ്ധതികാലയളവിലെ അവസാനകാലത്താണ് പണം അടവാക്കിയിട്ടുള്ളത്. പണം അടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭിക്കാത്തതിനും സ്ഥാപനവുമായി കരാർ ചമയ്ക്കാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (02/16.06.2022)നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതും അപാകതക്ക് മറുപടി

ലഭ്യമാക്കേണ്ടതുമാണ്. മരുന്ന് ലഭിക്കുന്നതുവരെ 12638/-രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു.

1-17 ഹരിതകർമ്മസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ സുതാര്യമല്ല.

പ്രോജക്ടിന്റെ പേര്,നമ്പർ- ഹരിതകർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ്ഫണ്ട് 118/21

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ.

വകയിരുത്തിയ തുക-114600/-( പൊതു.വികസന ഫണ്ട്)

ചെലവഴിച്ചതുക – 56025/-(Bill No.5757/24.04.20)

സാധനങ്ങൾ വിൽക്കുന്നതിലൂടെയും യൂസർഫീയിനത്തിലും ലഭിക്കുന്ന വരുമാനം തികയാതെ വരുന്ന സന്ദർഭങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഹരിതസേനാംഗങ്ങൾക്ക് വി.ജി.എഫ് ഉപയോഗപ്പെടുത്തി ബാക്കിവേതനം നൽകാവുന്നതാണ്. ആയതിനായി ആസൂത്രണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം 56025/-രൂപ ഹരിതകർമ്മസേനാംഗങ്ങളുടെ എക്കൌണ്ടിലേക്ക് 24.04.20ന് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ 2020 ഫെബ്രുവരിയിലെ വേതനം നൽകുന്നതിനാണ് വി.ജി.എഫ്. ഉപയോഗിച്ചിട്ടുള്ളത്. ഹരിതകർമ്മ സേനയുടെ കണക്കുകൾപ്രകാരം പ്രസ്തുത മാസത്തിൽ നൽകേണ്ട ആകെ വേതനം 112050/-രൂപയാണ്. തൻമാസത്തിലെ വരവ് 93910/-രൂപ ഉൾപ്പെടെ ഹരിതകർമ്മ സേനയുടെ ബേങ്ക് എക്കൌണ്ടിൽ (KGB40212101053434) 27.2.20 ന് 217143.44/-രൂപ നീക്കിയിരുപ്പുണ്ട്. തൻമാസത്തിലെ മറ്റ് ചെലവുകൾ 23120/-രൂപ മാത്രമാണ്. കണക്കുകൾ തയ്യാറാക്കി അർഹത പരിശോധിക്കപ്പെടാതെയാണ് പദ്ധതി പണം കൈമാറിയത് എന്ന് കാണുന്നു.

ഹരിതകർമ്മ സേനയുടെ ബേങ്ക് എക്കൌണ്ടിൽ 217143.44/-രൂപ നീക്കിയിരുപ്പുണ്ടായിരിക്കെ വി.ജി.എഫ്. ഇനത്തിൽ 56025/-രൂപ ഹരിതകർമ്മസേനാംഗങ്ങളുടെ അക്കൌണ്ടിലേക്ക് കൈമാറിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/16.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അർഹത പരിശോധിക്കപ്പെടാതെയും ഹരിതകർമ്മ സേനയുടെ ബേങ്ക് എക്കൌണ്ടിൽ ആവശ്യത്തിന് പണം നീക്കിയിരുപ്പുണ്ടായിരിക്കെയും പദ്ധതിപണം കൈമാറിയത് അംഗീകരിക്കാവുന്നതല്ല. വ്യക്തമായ മറുപടി ലഭിക്കുന്നതുവരെ ചെലവുതുക 56025/-രൂപ തടസ്സത്തിൽ വെക്കുന്നു.

1-18 കന്നുകുട്ടിപരിപാലനം-കൈമാറിയതുകയുടെ വിനിയോഗം ഉറപ്പുവരുത്തിയില്ല.

വെറ്ററിനറി സർജൻ നടപ്പാക്കിയ താഴെ കൊടുത്ത പ്രോജക്ടുകൾ മുഖേന കാഫ് ഫീഡ് സബ്സിഡി സ്കീം അസി.ഡയറക്ടർക്ക് തുക കൈമാറിയിട്ടുണ്ട് . വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്,നം. | കന്നുകുട്ടിപരിപാലനം 121/21 | കന്നുകുട്ടിപരിപാലനം 23/21 |
|---|---|---|
| വകയിരുത്തിയതുക | 600,000/-(പൊതു.വികസന ഫണ്ട്) | 500,000/-(പൊതു.വികസന ഫണ്ട്)<br>500,000/-(ഗ്ര.വിഹിതം) |
| ചെലവുതുക, നം. ,ബിൽ നം.തിയ്യതി | 600,000/- 4/11.4.20 | 500,000/- 214/26.3.21 |

പോഷകമൂല്യമുള്ള കാലിത്തീറ്റ ലഭ്യമാക്കുക വഴി ഉല്പാദനശേഷിയുള്ള കന്നുകുട്ടികളെ സൃഷ്ടിക്കുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.കൈമാറിയ തുകയുടെ വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2.ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3.രണ്ടാമത്തെ പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും അടവാക്കിയതിന്റെയും വിശദാംശം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/16.06.2022) വെറ്ററിനറി സർജൻ ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി തുടർന്നുകൊണ്ടിരിക്കുന്നതിനാൽ പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗവിവരം ലഭ്യമാക്കുമെന്നും ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടക്കുമെന്ന് പ്രോജക്ടിൽ തെറ്റായി രേഖപ്പെടുത്തിപ്പോയതാണെന്നും പ്രോജക്ട് രൂപീകരണ സമയത്ത് പക്ഷിപ്പനി ഡ്യൂട്ടിയിലായിരുന്നതിനാൽ തെറ്റ് പറ്റിയത് ശ്രദ്ധിക്കപ്പെട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. പ്രോജക്ട് പൂർത്തിയാക്കി വിനിയോഗവിവരവും കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകളും ഹാജരാക്കുന്നതു വരെ ചെലവുതുക 1100,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

1-19 വിശപ്പ് രഹിത കേരളം -ജനകീയ ഹോട്ടലിന് വാടക നിശ്ചയിച്ചതിന് ആധികാരികതയില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നം. | വിശപ്പ് രഹിത കേരളം (ജനകീയഹോട്ടൽ) 102/21 |
| വകയിരുത്തിയതുക | 40000/--(തനത് ഫണ്ട്) |
| ചെലവുതുക | 33749/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിൽ 13/776 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജനകീയഹോട്ടലിന് വാടകയും മറ്റ് ചെലവുകളും നൽകുന്നതിനായി മേൽ പദ്ധതി രൂപീകരിച്ചു. 11.09.2020 ലെ 3/2 നമ്പർ തീരുമാന പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ മാസവാടക 3819/-രൂപ നിർണ്ണയിച്ച് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം ഹോട്ടലിന്റെ 10/2020മുതൽ 2/2021 വരെയുള്ള വാടക (7x3819)=19095/-രൂപയും കറന്റ് ചാർജ്ജിനത്തിൽ 473/- രൂപയും, മേശ, മോട്ടോർ എന്നിവ വാങ്ങിയ വകയിൽ 14200/-രൂപയും ഉൾപ്പെടെ വിവിധ ബില്ലുകളിലായി 33749/-രൂപ സി.ഡി.എസിന് കൈമാറിയിട്ടുണ്ട്. 5.3.21ന് അസി.എഞ്ചിനീയർ നിശ്ചയിച്ചുനൽകിയ വാടകയുടെയും (3819/-) കെട്ടിട ഉടമയുമായുണ്ടാക്കിയ കരാറിന്റെയും (6000/-) അടിസ്ഥാനത്തിൽ പ്രതിമാസം 3819/-രൂപയാണ് നൽകിവരുന്നത്. എന്നാൽ ഫയലും വാടക നിശ്ചയിച്ച പത്രികയും, പരിശോധിച്ചതിൽ ചുവടെ കൊടുത്ത അപാകതയുള്ളതായി കാണുന്നു.

2012 ലെ പി.ഡബ്ല്യൂ.ഡി മാന്വൽ ഖണ്ഡിക 2810.2.1 പ്രകാരം വാടക നിശ്ചയിക്കുന്നതിനാവശ്യമായ ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് തഹസിൽദാർ അനുവദിക്കേണ്ടതാണ്. എന്നാൽ റവന്യൂ അധികാരികൾ കെട്ടിടം നിൽക്കുന്ന ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിച്ച് നൽകിയിട്ടില്ല.

വാടക നിശ്ചയിച്ച പത്രിക പരിശോധിച്ചതിൽ മേൽ വാടക നിശ്ചയിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-20 ടെക്ക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകൽ ചെലവ് രേഖയും യഥാർത്ഥ ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.

ടെക്ക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യം, പ്രസ്തുത പദ്ധതി പ്രകാരം വേതനം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി ചെലവ് രേഖ പ്രകാരമുള്ള ചെലവും,യഥാർത്ഥ

ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസപ്പെട്ടിരിക്കുന്നതിന് കാരണം വ്യക്തമല്ല.

വിശദാംശം ചുവടെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0006/21 |
| പ്രോജക്ടിന്റെ പേര് | ടെക്ക്നിക്കൽ അസിസ്റ്റന്റ് |
| അടങ്കൽ | 341214 (തനത് ഫണ്ട്) |
| ചെലവ് | 341214 |
| സുലേഖയിലെ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | 311380 |
| വ്യത്യാസം | 29834/- |

വ്യത്യാസപ്പെട്ടിരിക്കുന്ന 29834/-രൂപ ജൂലായ് 2020 ലെ വേതനമാണ്. പ്രസ്തുത തുക ടെക്ക്നിക്കൽ അസിസ്റ്റന്റ് കൈപ്പറ്റിയിട്ടുണ്ട്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (05/2020-21/15.06.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവ് പത്രിക പ്രകാരമുള്ള ചെലവും,യഥാർത്ഥ ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പി.എച്ച്.സി സബ് സെന്റർ കെട്ടിട നിർമ്മാണം -പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കാത്തതും മറ്റ് അപാകതകളും

പദ്ധതി -131/21 (സ്പിൽ ഓവർ)

ചെലവ് -993197 തനത് ഫണ്ട്

ബിൽ നമ്പർ തിയ്യതി -4238024 / 27.3.21

കരാറുകാരൻ -ശ്രീ. രാജീവൻ. പി.ടി.കെ

കരാർ - 41/17-18/28.3.18

പി.എച്ച് .സി യ്ക്ക് സബ് സെന്റർ നിർമ്മിക്കുന്നതിനായി 2017-18 ൽ ആരംഭിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ.

1. സമയ ബന്ധിതമായി പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ പ്രവൃത്തികളിൽ അധിക നിരക്കിൽ കോസ്റ്റ് ഇൻഡക്സ് അനുവദിക്കേണ്ടി വന്നു

കരാർ പ്രകാരം പൂർത്തിയാക്കേണ്ട സമയത്ത് പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ 2020-21 വർഷത്തിൽ അനുവദിക്കേണ്ടിയിരുന്നതിലും കൂടുതൽ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കിയുള്ള

എസ്റ്റിമേറ്റിൽ ആണ് ഈ പ്രവൃത്തി നിർവ്വഹണം നടത്തിയത്. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്. പി.ഡബ്ള്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ നാദാപുരത്തിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 39.22 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ തയ്യാറാക്കിയ ഈ പദ്ധതി യിൽ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്. മാത്രമല്ല പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കാതെ 2020-21 വർഷത്തിലാണ് നടപ്പിലാക്കിയത്. 20-21 വർഷത്തിൽ പദ്ധതി നടപ്പിലാക്കുമ്പോൾ സമയബന്ധിതമായി പ്രവർത്തി പൂർത്തിയാക്കാത്ത കരാറുകാരനെ ഒഴിവാക്കി ടിയാന്റെ നഷ്ട ഉത്തരവാദിത്തത്തിൽ റിടെണ്ടർ ചെയ്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നെങ്കിൽ പി.ഡബ്ള്യു.ഡി ചീഫ് എഞ്ചിനീയറുടെ 08.3.2019 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 15.3.2019 മുതൽ നാദാപുരത്തിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 33.02 ശതമാനം മാത്രം കരാറുകാരന് അനുവദിച്ചാൽ മതിയാകുമായിരുന്നു. കോസ്റ്റ് ഇൻഡക്സ് 33.02 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയി ക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ ഈ പ്രവർത്തിയിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം പഞ്ചായത്തിന് അധികച്ചെലവ് നേരിടേണ്ടി വന്നു.

2. കരാർ പ്രകാരം പ്രവർത്തികൾ സമയബന്ധതമായി നടപ്പിലാക്കാത്തതിന് ക രാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

കരാറുകാരൻ പ്രവൃത്തി ഉടങ്ങുന്നത് തന്നെ കരാർ കാലാവധി കഴിഞ്ഞതിന് ശേഷമാണ്. 6 മാസം കൊണ്ട് പൂർത്തിയാക്കേണ്ടിയിരുന്ന പ്രവർത്തി പൂർത്തിയാക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഇല്ലെങ്കിലും പ്രവർത്തി ഉടങ്ങുന്നതിന് കാല താമസം വരുത്തിയിട്ടുണ്ട്. 27.9.18 ന് പൂർത്തിയാകേണ്ടിയിരുന്ന പ്രവൃത്തി ഉടങ്ങുന്നത് തന്നെ 26.2.20 ന് ആണ്. പ്രവൃത്തി പൂർത്തിയാക്കുന്നത് രണ്ടര വർഷത്തിന് ശേഷമാണ്. കരാർ പ്രകാരം പ്രവർത്തി നടത്താതിരുന്ന കരാറുകാരനിൽ നിന്ന് പിഴ ഈടാക്കാതെ മുഴുവൻ തുകയും കരുകാരന് നൽകുകയാണ് ചെയ്തത്. പി. എ. സി തുക 1000000 രൂപയുടെ ( 3%) 30000രൂപപിഴ ഈടാക്കാതെ യാണ് ബിൽ തുക അനുവദിച്ചത്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ. പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ച നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. പക്ഷേ ഇക്കാര്യത്തിന് എ. ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ പ്രവർത്തിയുടെ ദീർഘീകരണം 50% ലും കൂടുതലാണ്. വളരെയധികം കാലം കഴിഞ്ഞാണ് പ്രവർത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുമ്പോൾ കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാർക്കെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയ നടപടി ക്രമപ്രകാരമല്ല. പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3). ഈ പ്രവൃത്തി ടെണ്ടർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ഈ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം,ബുക്ക് 107/21 ൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ എം. ബുക്ക് 109/21 ലേക്ക് ക്യാരി ഓവർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ എം. ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 20-21 വർഷത്തിൽ ചെലവ് ചെയ്ത ബിൽ രേഖപ്പെടുത്തിയിട്ടുള്ള എം.ബുക്ക് 118/21 ൽ അളവുകൾ എം,ബുക്ക് 107/21 ൽ നിന്ന് എടുത്തതാണെന്നാണ് രേഖപ്പെടുത്തിയത്. ഈ ബിൽ പാർട്ട് ബിൽ ആണോ ഫൈനൽ ബിൽ ആണോ എന്ന് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ഈ പദ്ധതിയിൽ 993197 രൂപയും 146/21 നമ്പർ പ്രകാരമുള്ള പദ്ധതിയിൽ 813767 രൂപയും 67/22 നമ്പർ പ്രകാരമുള്ള പദ്ധതിയിൽ 49000 രൂപയും ചെലവഴിച്ച് മീശമുക്ക് എന്ന സ്ഥലത്ത് പി.എച്ച്.സി. സബ്സെന്റർ നിർമ്മാണം പൂർത്തിയാക്കിയാക്കിയിട്ടുണ്ടെങ്കിലും സബ്സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വൈദ്യുതി ലഭ്യമായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/2020-21 തീയതി. 16.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 30000 രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം രേഖകൾ സഹിതം ഹാജരാക്കുന്നത് വരെ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

### 3-2 കരാറിൽ നിന്ന് പിൻമാറിയ കരാറുകാരന്റെ നഷ്ട ഉത്തരവാദിത്തത്തിൽ പ്രവൃത്തി നടപ്പിലാക്കിയില്ല- പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

പദ്ധതി -146/21 കുടുംബാരോഗ്യ കേന്ദ്രം കോൺഫറൻസ് ഹാൾ സീലിങ്ങ്

ചെലവ് -99044 റോഡിതര മെയിന്റനൻസ് ഗ്രാന്റ്

ബിൽ നമ്പർ .തിയ്യതി -870500/ 8.12.20

കുടുംബാരോഗ്യ കേന്ദ്രം കോൺഫറൻസ് ഹാൾ സീലിങ്ങ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 19.10.19 നടന്ന ടെണ്ടറിൽ രണ്ട് കരാറുകാരാണ് പങ്കെടുത്തത് . ശ്രീ . സത്യാനന്ദൻ എസ്റ്റിമേറ്റ് നിരക്കിൽ 5% കുറവിലും ശ്രീ. രാജീവൻ, പി.ടി.കെ എസ്റ്റിമേറ്റ് നിരക്കിലും പ്രവൃത്തി ചെയ്യാമെന്നാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 5% കുറവ് ക്വോട്ട് ചെയ്ത കരാറുകാരൻ ആരോഗ്യപരമായ കാരണങ്ങളാൽ പ്രവർത്തി ഏറ്റെടുക്കാൻ കഴിയില്ല എന്ന് അറിയിച്ചതിനെ തുടർന്ന് 6.1.20 ലെ 3/3/2020(2) നമ്പർ തീരുമാന പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവർത്തി നൽകുന്നതിനും ശ്രീ. സത്യാനന്ദൻ സമർപ്പിച്ചിട്ടുള്ള ഇ.എം.ഡി തിരികെ നൽകേണ്ടതില്ല എന്നും തീരുമാനിച്ചിരുന്നു. എന്നാൽ പ്രവൃത്തി നടപ്പിലാക്കിയപ്പോൾ ശ്രീ. സത്യാനന്ദൻ സമർപ്പിച്ച ഇ.എം.ഡി കണ്ടു കെട്ടിയിട്ടില്ല. ടെണ്ടർ കരാറിൽ നിന്ന് പിൻമാറിയ കരാറുകാരന്റെ നഷ്ട ഉത്തരവാദിത്തത്തിൽ പ്രവർത്തി നടപ്പിലാക്കാത്തതിനാൽ താഴെ കാണിച്ച പ്രകാരം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| അനുവദിച്ച തുക | അനുവദിക്കേണ്ടതുക | നഷ്ടം |
|---|---|---|
| ആകെ പ്രവർത്തി മൂല്യം-88432 (എം-ബുക്ക്126/21)<br>12% GST- 10612<br>ആകെ -99044<br>WWF - 991<br>IT - 991<br>കരാറുകാരന് - 97062 | ആകെ പ്രവർത്തി മൂല്യം- 88432-<br>ടെണ്ടർ കുറവ് 5% - 4422<br>84010<br>12% GST - 10081<br>ആകെ - 94091<br>WWF - 940<br>IT - 940<br>കരാറുകാരന് - 92211 | 4953<br>(99044-94091) |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 11/2020-21 തീയതി. 16.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 4953രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|
| 2020-21 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 (120/21) | പച്ചക്കറികൃഷി കൂലിചെലവ് സബ്സിഡി | 150000 |
| | 2020-21 | 100000 (75/21) | പച്ചക്കറികൃഷിതൈവിതരണവും കൂലിചെലവ് സബ്സിഡി (വനിത) | 100000 |
| | 2020-21 | 522200 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 522200 |
| | 2020-21 | 509600 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 509600 |
| | | 1281800 | | 1281800 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 120000 (So 119/21) | പച്ചക്കറികൃഷി കൂലിചെലവ് സബ്സിഡി | 120000 |
| | 2020-21 | 180000 (So 67/21) | പച്ചക്കറികൃഷി കൂലിചെലവ് സബ്സിഡി | 180000 |
| | 2020-21 | 180000 (120/21) | പച്ചക്കറികൃഷി കൂലിചെലവ് സബ്സിഡി | 180000 |
| | 2020-21 | 120000 (75/21) | പച്ചക്കറികൃഷിതൈവിതരണവും കൂലിചെലവ് സബ്സിഡി (വനിത) | 120000 |
| | 2020-21 | 434217 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 434217 |
| | 2020-21 | 400000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 |
| | | 1434217 | | 1434217 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | സാമ്പത്തിക വർഷം | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി- 18/05/2018 | 2020-21 | 0 | 7248823 | 1039490 | -- | 6209333 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 7500000 |
| ആകെ | 7510000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7510000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയ്യതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം കോഓപ്പറേറ്റീവ് ഹോസ്പിറ്റലിനു നൽകിയ വിഹിതം | | | 10,000 | |
| 2 | എടച്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 5.6.2020 | 1 വർഷം | 7500000 | |
| ആകെ | | | | 7510000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | -- | 2003-04 | 11-14 | സമഗ്ര പുരയിട കൃഷി വികസന പദ്ധതി | തടസ്സം തുടരുന്നു. (പമ്പ് സെറ്റിന് ചെലവാക്കിയ തുക റെയ്ഡ്കോയിൽ നിന്ന് ഈടാക്കിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണം |
| -- | -- | 2012-13 | 3-4-5-1 | തൊഴിലുറപ്പ് പദ്ധതി | തടസ്സം തുടരുന്നു |
| -- | -- | 2012-13 | 3-4-5-5 | നീർത്തടാധിഷ്ഠിത പദ്ധതികൾ | തടസ്സം തുടരുന്നു |
| -- | -- | 2012-13 | 3-4-5-6 | തൊഴിലുപകരണ പദ്ധതികൾ | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| സ്പെഷ്യൽ ഓഡിറ്റ് | | 2017-18 | 2-5 | റോഡുകളുടെ ചുമതലാവിഭജനം | തടസ്സം തുടരുന്നു |

| റിപ്പോർട്ട് | | | | |
|---|---|---|---|---|

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57371884 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63915469 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34953 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2501360 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 30000 | ശ്രീമതി.അശ്വിനി.എ.ആർ, അസി. എഞ്ചിനീയർ |
| 3-2 | - | 4953 | ശ്രീമതി.അശ്വിനി.എ.ആർ, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 993197 | ശ്രീമതി.അശ്വിനി .എ.ആർ, അസി. എഞ്ചിനീയർ |
| 1-15 | 339500 | ഡോ. ആദർശ്.യു ,മെഡിക്കൽ ഓഫീസർ(പി. എച്ച്.സി) |
| 1-16 | 12638 | ഡോ. ആദർശ്.യു ,മെഡിക്കൽ ഓഫീസർ(പി. എച്ച്.സി) |
| 1-17 | 56025 | ശ്രീമതി.രേഷ്മ.കെ.പി , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-18 | 1100000 | ഡോ. അഖിൻലാൽ.സി.എസ് ,വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അശ്വിനി .എ.ആർ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ | കരുമാണ്ടിയിൽ ഹൗസ്, മൊടക്കല്ലൂർ-പി.ഒ, ഉള്ളിയേരി-673323 |
| ഡോ.ആദർശ്.യു ,മെഡിക്കൽ ഓഫീസർ(പി. എച്ച്.സി) | മെഡിക്കൽ ഓഫീസർ(പി. എച്ച്.സി), എടച്ചേരി ഗ്രാമപഞ്ചായത്ത് | മയൂഖം, തെക്കയിൽ,ഒഞ്ചിയം പി.ഒ |
| ഡോ. അഖിൻലാൽ.സി.എസ് , വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി,എടച്ചേരി | തറവട്ടത്ത്, കല്ലാച്ചി പി.ഒ-673506 |
| ശ്രീമതി.രേഷ്മ.കെ.പി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എടച്ചേരി സർക്കിൾ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടച്ചേരി പഞ്ചായത്ത് | മേഘ മൽഹാർ ,നടേമ്മൽ, രയരോത്ത്(പി.ഒ),-673102 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 1 | 2-3 |
| 2002-03 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 1 | 2-10 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 7 | 2-3, 2-4, 2-5, 3-4, 3-5, 3-6, 3-7 |

| | | | |
|---|---|---|---|
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(1) തീയതി 26.06.19 | 4 | 2-3, 2-5, 3-1, 3-5 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(2) തീയതി 26.06.19 | 14 | 3-2(1), 3-4, 3-6 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(3) തീയതി 26.06.19 | 4 | 2-14,3-2 (A,B,C), 3-5, 3-6, 3-13 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(4) തീയതി 26.06.19 | 4 | 3-2, 3-6, 3-7, 3-8 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(5) തീയതി 26.06.19 | 10 | 2-1(4), 2-1(8), 3-1(1) (2), 3-2 (1)(2), 3-3, 3-4, 3-5 (2), 3-9 |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(6) തീയതി 26.06.19 | 16 | 2-2(2), 3-4, 3-5, 3-8(1)(2) (4) (6), 3-10, 3-11, 3-16 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(1) തീയതി-17.11.2021 | 5 | 2-1, 3-5, 3-6, 3-9, 4-11 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(2) തീയതി-17.11.2021 | 6 | 2-2, 3-3, 3-4, 3-7 (3,6), 3-8, 3-12 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(3) തീയതി-17.11.2021 | 11 | 2-1, 2-3, 2-5, 3-1, 3-4 (1, 7, 10, 12, 13, 14, 21, 22), 3-8, 3-11, 3-17, 3-18 (4,6), 3-19, 3-20 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(4) തീയതി-17.11.2021 | 11 | 2-1, 2-2, 2-4, 3-2, 3-3, 3-8സി, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി5/ 1508/2019 തീയതി | 9 | 1-10, 1-12, 2-1(1)(2)(3), 2-4(6), 3-1(4), 3-2 (1) (2), 3-4, 3-11, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി5/ 757/20 തീയതി-04.09.2020 | 8 | 1-7 (1, 2, 3, 4, 5, 6, 7), 1-10, 1-12, 1-14, 1-18, 1-21, 1-22, 1-23 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി5/ 484/22 തീയതി-17.3.2022 | 33 | 1-1 മുതൽ 1-31 വരെ ,2-1,3-1 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്